12

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 MARCH 2022



# വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ പുതുക്കിയ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ പുതുക്കിയ വെബ്സൈറ്റ് ബഹു. കേരള സംസ്ഥാന നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. പൊതുജനങ്ങൾക്ക് വ്യവസായ സംബന്ധമായി ആവശ്യമായ എല്ലാ വിവരങ്ങളും കോർത്തിണക്കി കൊണ്ട് കൃത്യമായ ഉള്ളടക്കത്തോടും മികച്ച രൂപകല്പനയോടും കൂടെയാണ് പുതുക്കിയ വെബ്സൈറ്റ് www.industry.kerala.gov.in ലഭ്യമാക്കിയിരിക്കുന്നത്.

വ്യവസായ സംരംഭകർ അറിയേണ്ട എല്ലാ കാര്യങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന രീതിയിലാണ് പുതുക്കിയ വെബ്സൈറ്റ് രൂപകല്പന ചെയ്തിരിക്കുന്നത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നൽകുന്ന വിവിധ സേവനങ്ങൾ വെബ്സൈറ്റിൽ അവതരിപ്പിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ വിവിധ സബ്സിഡി സ്കീമുകളും, ഈ സ്കീമുകളിൽ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള ലിങ്കും വെബ്സൈറ്റിൽ ലഭ്യമാണ്. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും നിലവിലെ സംരംഭകർക്ക് തങ്ങളുടെ സംരംഭം കൂടുതൽ മെച്ചപ്പെടുത്താനും വെബ്സൈറ്റ് സഹായകമാകും. വ്യവസായ വകുപ്പിന്റെ മുഴുവൻ ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിശദംശങ്ങൾ അടങ്ങിയ ഈ വെബ്സൈറ്റിലൂടെ വ്യവസായ ഡയറക്ടറേറ്റ് നൽകുന്ന സേവനങ്ങൾ അറിയുന്നതിനും ഈ സേവനങ്ങളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും സാധിക്കും.




2022 ഫെബ്രുവരി 24ാം തീയതി നടന്ന ഉദ്ഘാടന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ സുമൻ ബില്ല ഐ.എ.എസ്, എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി എം.ഡി എം.ജി രാജമാണിക്കം ഐ.എ.എസ്, കയർ വികസന വകുപ്പ് ഡയറക്ടർ ശ്രീ. വി. ആർ. വിനോദ് ഐ.എ.എസ് വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ സുധീർ. കെ, കെബിപ് സി.ഇ.ഒ സൂരജ്. എസ് കൂടാതെ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

# കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം വർദ്ധിപ്പിയ്ക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചു




കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം വർദ്ധിപ്പിയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിനും ശിക്ഷാ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചു. കൊച്ചിയിലെ ദേശീയ നിയമ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ.കെ.സി. സണ്ണി അദ്ധ്യക്ഷനും നിയമപരിഷ്കരണ കമ്മീഷൻ വൈസ് ചെയർമാൻ ശ്രീ. കെ. ശശിധരൻ നായർ അംഗവും മുൻ കേന്ദ്രസർക്കാർ സെക്രട്ടറി ശ്രീ. റ്റി. നന്ദകുമാർ ഐ.എ.എസ് (Retd.) പ്രത്യേക ക്ഷണിതാവുമായ സമിതിയാണ് നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന് റിപ്പോർട്ട് സമർപ്പിച്ചത്.

കഴിഞ്ഞ വർഷം ആഗസ്റ്റ് മാസം പ്രവർത്തനം ആരംഭിച്ച സമിതി 27 വ്യാപാര വ്യവസായ സംഘടനകൾ ഉൾപ്പെടെ 110-ാളം സംരംഭകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും ലഭിച്ച 650 ലധികം നിർദ്ദേശങ്ങളും പരാതികളും സ്വീകരിച്ചും വിവിധ സർക്കാർ വകുപ്പുകളുമായി ചർച്ച ചെയ്തും കേരളത്തിലെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും വിലയിരുത്തിയുമാണ് നിർദ്ദേശങ്ങൾ സമർപ്പിച്ചത്. കോവിഡിന്റെ പ്രതികൂല സാഹചര്യത്തിലും ആറുമാസം കൊണ്ടാണ് സമിതി റിപ്പോർട്ട് സമർപ്പിച്ചത്. കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനം ആക്കുന്നതിലേക്ക് ഈ റിപ്പോർട്ട് ഒരു പ്രധാന ചുവടുവെപ്പായി കണക്കാക്കാവുന്നതാണ്.

## വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

വ്യവസായ മേഖലയിലെ നിയമങ്ങളുടെ സമൂലമായ മാറ്റങ്ങൾക്ക് സമിതി ശുപാർശ ചെയ്യുന്നു. രജിസ്റ്ററുകളും റിട്ടേണുകളും ലഘൂകരിക്കുന്നതിനുള്ള നിയമം, വ്യവസായങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള വിവിധ നിയമങ്ങളെ ഏകീകരിച്ചുകൊണ്ടുള്ള നിയമം എന്നിവ ശുപാർശ ചെയ്യുന്നതിനോടൊപ്പം നിലവിലെ സേവനാവകാശ നിയമത്തിന് പകരം പുതിയൊരു നിയമവും സമിതി നിർദ്ദേശിക്കുന്നു. ഇതിനു പുറമേ 38 സംസ്ഥാന നിയമങ്ങൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. സംരംഭകരിൽ നിന്നും ലഭിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ 12 നിയമങ്ങളിലെ 22 വകുപ്പുകളും 13 ചട്ടങ്ങളിലെ 23 വകുപ്പുകളും ഭേദഗതി ചെയ്യുന്നതിനും 19 പൊതു നിർദ്ദേശങ്ങളും 9 വകുപ്പുകളുമായി ബന്ധപ്പെട്ട് ഭരണപരമായ കാര്യങ്ങളിലെ 27 നിർദ്ദേശങ്ങളും സമിതി ശുപാർശ ചെയ്യുന്നു. ലേബർ കോഡുകൾക്ക് സംസ്ഥാനം ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സമിതി നിർദ്ദേശിക്കുന്നു.

# 'കേരളത്തിൽ വ്യവസായം തുടങ്ങാൻ അറിയേണ്ടതെല്ലാം' പുസ്തകം പ്രകാശനം ചെയ്തു



സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പുമായി സഹകരിച്ച് ധനം ബുക്സ് പുറത്തിറക്കുന്ന 'കേരളത്തിൽ വ്യവസായം തുടങ്ങാൻ അറിയേണ്ടതെല്ലാം' എന്ന പുസ്തകത്തിന്റെ പ്രകാശനം ബഹു. കേരള സംസ്ഥന നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രകാശനം ചെയ്തു.

തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ കിൻഫ്ര മാനേജിംഗ് ഡയറക്റ്റർ സന്തോഷ് കോശി തോമസ്, ധനം മാനേജിംഗ് ഡയറക്റ്ററും ചീഫ് എഡിറ്ററുമായ കുര്യൻ ഏബ്രഹാം, എക്സിക്യുട്ടീവ് എഡിറ്റർ മരിയ ഏബ്രഹാം, പുസ്തകത്തിന്റെ രചയിതാവ് ഡോ. സുധീർബാബു എന്നിവർ സംബന്ധിച്ചു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.